"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - പാറ്റൂർ -ചൂരക്കാട്ടുപാളയം റോഡ് വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 362/2010 നമ്പർ കേസ് - 09-11-2024-ലെ ലോക് അദാലത്ത് - ബാലൻസ് തുക '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.427/2025/LSGD** **തീയതി, തിരുവനന്തപുരം, 11-02-2025**

---

പരാമർശം:-
1. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ.362/2010 നമ്പർ കേസിന്മേലുള്ള 13/03/2014 തീയതിയിലെ വിധിന്യായം
2. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/11/2024-ലെ DCTVM/274/2024-K9 നമ്പർ കത്ത്.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2024-ലെ എ3/1457/2017/ട്രിഡ നമ്പർ കത്ത്.
5. സ.ഉ.(സാധാ) നം.315/2025/ത.സ്വ.ഭ.വ, തീയതി, 01/02/2025.

**ഉത്തരവ്**

തിരുവനന്തപുരം സബ്കോടതിയിൽ 09/11/2024-ൽ നടന്ന ലോക് അദാലത്തിൽ, തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട, എൽ.എ.ആർ.362/2010 നമ്പർ കേസ് പരിഗണിക്കുകയും, ആറുമാസത്തിനകം തുക കെട്ടി വച്ചാൽ ആറ് മാസം വരെ പലിശയില്ലായെന്ന വ്യവസ്ഥയിൽ, 1,65,14,057/- രൂപ (ഒരു കോടി അറുപത്തിയഞ്ച് ലക്ഷത്തി പതിനാലായിരത്തി അമ്പത്തിയേഴ് രൂപ മാത്രം)-യ്ക്ക് ഒത്തുതീർപ്പായിട്ടുള്ളതിനാൽ പ്രസ്തുത തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും ഇക്കാര്യം അഭ്യർത്ഥിക്കുകയുണ്ടായി.

2) എൽ.എ.ആർ. 362/2010 നമ്പർ കേസുമായി ബന്ധപ്പെട്ട് 1,64,30,947/- രൂപ (ഒരു കോടി അറുപത്തിനാല് ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ എസ്സ്. അയ്യപ്പൻപിള്ളയ്ക്ക് അനുവദിക്കുന്നതിനായി

തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.എ.ആർ.362/2010 നമ്പർ കേസുമായി ബന്ധപ്പെട്ട് 09/11/2024-ൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ 1,65,14,057/- രൂപയിൽ നിന്നും പരാമർശം (5) പ്രകാരം റിലീസ് ചെയ്തിട്ടുള്ള 1,64,30,947/- രൂപ കുറവ് ചെയ്ത് ബാക്കി തുകയായ 83,110/- രൂപ (എൺപത്തിമൂന്നായിരത്തി നൂറ്റിപ്പത്ത് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. എസ്. അയ്യപ്പൻപിള്ളയ്ക്ക് 4217-60-800-93 Payment of Compensation in LAR Cases എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എസ്സ്. അയ്യപ്പൻപിള്ള. S/o Subbaiah, T.C.No.35/1484, Chenthitta, Thycaud, Thiruvananthapuram (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/305/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 12-02-2025 11:39:21

സെക്ഷൻ ഓഫീസർ